പ്രഖ്യാപിക്കുന്നതിന് നോട്ടീസ് ഇട്ടിരിക്കുന്നു. തോട്ടം തൊഴിലാളികളും കുടുംബസഹിതം ഈ തൊഴിലുമായി ബന്ധപ്പെട്ടവരാണ്. ഇവർക്ക് തൊഴിലില്ലാതെ വരുന്ന സ്ഥിതിവിശേഷം ഗുരുതരമായിരിക്കും. പ്ലാന്റേഷൻ ക്രോപ്പ് വളർന്നുപോയാൽ പ്രൂണിംഗിന് ബുദ്ധിമുട്ടുണ്ടാവുകയും ഫാക്ടറി അനിശ്ചിതകാലത്തേക്ക് പൂട്ടിയിടേണ്ടതായും വരും. അന്യസംസ്ഥാനങ്ങളിൽനിന്ന് ഇവിടെക്കിട്ടുന്ന വൈദ്യുതിയുടെ 70 ശതമാനവും, ഏറ്റവും കൂടുതൽ ക്രോപ്പുള്ള സീസണിൽ നൽകാറുള്ള നമ്മുടെ വൈദ്യുതിയുടെ 20 ശതമാനവും കൃത്യമായി നൽകി ഈ വ്യവസായം നിലനിറുത്തണമെന്ന് അപേക്ഷിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വൈദ്യുതിയുടെ ബുദ്ധിമുട്ട് എനിക്കറിയാം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും വിദ്യുച്ഛക്തി പുറത്തുനിന്നു വാങ്ങിയാണ് വ്യവസായങ്ങൾക്കു കൊടുക്കുന്നത്. 50% വീതം ഇപ്പോഴും കൊടുക്കുന്നു. പക്ഷേ അടുത്ത ആഴ്ച നമുക്ക് രാമഗുണ്ടത്തുനിന്ന് വിദ്യുച്ഛക്തി കിട്ടുന്നതോടുകൂടി കുറച്ചുകൂടി പുരോഗതിയുണ്ടാകുമെന്ന് കരുതുകയാണ്. സർ, ഏതെങ്കിലുമൊരു വ്യവസായത്തിന് വിദ്യുച്ഛക്തി പ്രത്യേകമായി കൂടുതലായി കൊടുക്കുന്നതിന് നിയമപരമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. കഴിയുന്നിടത്തോളം അടുത്ത ആഴ്ച വൈദ്യുതി ലഭ്യത അനുസരിച്ച് ഇത് വർദ്ധിപ്പിക്കുന്നതിനു പൊതുവായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

(25) പൊൻമുടി തോട്ടം തൊഴിലാളികളുടെ പ്രശ്നം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, തിരുവനന്തപുരം ജില്ലയുടെ കിഴക്ക് പൊൻമുടിയിൽ 873 ഏക്കർ ടീ എസ്റ്റേറ്റിൽ 500-ൽ കുറയാത്ത തൊഴിലാളികളും അവരെ ആശ്രയിച്ചു ജീവിക്കുന്ന 2000-ത്തോളം ആളുകളുമുണ്ട്. ഇതൊക്കെ നിയമസഭയ്ക്ക് സുപരിചിതമാണ്. ഞാൻ അതിനെപ്പറ്റി ദീർഘമായി സംസാരിക്കുന്നില്ല. ഇതിനെപ്പറ്റി സഹകാര്യ അംഗങ്ങളുടെ ഒരു ബില്ലും ഇവിടെയുണ്ട്. ശ്രീ. മഹാബലറാവുവിനെ ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും വേണ്ടി കമ്മീഷനായി നിയമിക്കാൻ മന്ത്രി ഓർഡറിടുകയുണ്ടായി. ആ മഹാബലറാവു കമ്മീഷൻ എന്നെയും അവിടത്തെ എം.പി.യെയും തൊഴിലാളി നേതാക്കൻമാരെയും തൊഴിലാളികളെയും മുതലാളിയേയുമെല്ലാം കണ്ടു, തെളിവെടുപ്പും കഴിഞ്ഞു. ആ റിപ്പോർട്ടു മന്ത്രിയുടെ കയ്യിൽ കിട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റിപ്പോർട്ടിനകത്തു പറയുന്ന തോട്ടം ഏറ്റെടുക്കുവാനുള്ള നടപടി ഏതു ഘട്ടം വരെയായി. അത് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മഹാബലറാവു കമ്മീഷൻ റിപ്പോർട്ടു ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്. അതിൽ സജസ്റ്റ് ചെയ്തിരിക്കുന്നത് 1953-ലെ ടീ ആക്ടിലെ സെക്ഷൻ 16 അനുസരിച്ച് ഈ തോട്ടം ഏറ്റെടുക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റിനെ പ്രേരിപ്പിക്കണമെന്നാണ്. അങ്ങനെ ഏറ്റെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

നാഷണലൈസ് ചെയ്ത് ഈ എസ്റ്റേറ്റ് ടി ട്രേഡിംഗ് കോർപ്പറേഷനെക്കൊണ്ട് നടത്തിക്കണമെന്നാണ്. വെസ്റ്റ് ബംഗാളിൽ ഇങ്ങനെയൊരു പ്രശ്നം വന്നപ്പോൾ സെൻട്രൽ ഗവൺമെന്റ് അങ്ങനെ ചെയ്തിട്ടുണ്ട്. ആ ചുവടു പിടിച്ച് അങ്ങനെ ചെയ്യുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. അതിനു കഴിയുന്നില്ലെങ്കിൽ ഇവിടെയൊരു ലെജിസ്ലേഷനുണ്ടാക്കിയിട്ട് ഇത് നടപ്പാക്കുവാൻ നടപടികൾ ഉണ്ടാകണമെന്നാണ് പ്രധാനമായ ശുപാർശ. ഈ കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമായ കൂടുതൽ നടപടികൾക്കായി വ്യവസായ വകുപ്പിലേക്ക് ഈ ഫയൽ അയച്ചുകൊടുത്തിട്ടുണ്ട്.

(26) കോട്ടയം ജില്ലയിലെ ഇഞ്ചികൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, കേരള ഇഞ്ചി കർഷകരുടെ ദുരവസ്ഥയും ബുദ്ധിമുട്ടും ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. രണ്ടു മൂന്നാഴ്ചയ്ക്കു മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കർഷകരിൽനിന്ന് ചുക്ക് നേരിട്ടു സംഭരിക്കുന്നതിനുള്ള ഒരു പദ്ധതിയെന്നുള്ള നിലയിൽ ഒരു സഹകരണസംഘം പാലായിൽ ഉദ്ഘാടനം ചെയ്തു. ഇന്നുവരെ ഒരു കിലോ ചുക്കുപോലും പണം ഇല്ലാത്തതുകൊണ്ട് വാങ്ങിക്കുവാൻ സാധിച്ചിട്ടില്ല. ഇഞ്ചികൃഷിക്കാരുടെ ഇടയിൽ ജനിച്ചുവളർന്ന്, കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ നന്നായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന മുൻ ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറിൽ ഒരു നല്ല തുക വകകൊള്ളിച്ചിട്ടുപോലും ഇഞ്ചികർഷകരുമായി പുലബന്ധപോലും ഇല്ലാത്ത, കയറും ചകിരിയുമായി മാത്രം ബന്ധമുള്ള ഇപ്പോഴത്തെ ധനകാര്യമന്ത്രി ഇന്നുവരെ ഒരു സാമ്പത്തിക സഹായം നൽകുവാൻ തയ്യാറായിട്ടില്ല. ഇനിയെങ്കിലും ഈ സൊസൈറ്റിയെ സഹായിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഡ്ജറ് പ്രസംഗത്തിൽ ഇഞ്ചികൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ഇഞ്ചി സംഭരിക്കണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. ഒരു കോടി രൂപയുടെ ഇഞ്ചി സംഭരിക്കാനുള്ളതിന്റെ ഒന്നാം ഘട്ടമെന്നുള്ള നിലയിൽ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് ഇഞ്ചി സംഭരിക്കുന്നതിനു വേണ്ടി കഴിഞ്ഞ ഒരു ദിവസം ഗവൺമെന്റ് തീരുമാനമെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ പർച്ചേസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇഞ്ചിക്ക് ഇന്ന് മാർക്കറ്റ് വില 750 രൂപ മുതൽ 800 രൂപവരെയാണ്. ഗവൺമെന്റ് ഇപ്പോൾ ആഗ്രഹിക്കുന്നത് ഒരു ക്വിന്റലിന് ആയിരം രൂപ വച്ച് ഇഞ്ചി വാങ്ങണമെന്നാണ്. അങ്ങനെ ആയിരം ടൺ വാങ്ങാനുള്ള ഒന്നാംഘട്ടമെന്നുള്ള നിലയിൽ മാർക്കറ്റിംഗ് ഫെഡറേഷന് വരാവുന്ന നഷ്ടം 15 ലക്ഷം രൂപയാണ്. ആ 15 ലക്ഷം രൂപ ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെയും സഹകരണ ബാങ്കുകളുടെയും അതുപോലെതന്നെ മാർക്കറ്റിംഗ് ഫെഡറേഷന്റെയും ഫണ്ട് ഉപയോഗിച്ച് ഇഞ്ചി വാങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളരെവേഗം വ്യാപകമായ തോതിൽ ഇഞ്ചി സംഭരണ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങൾവഴി ഇഞ്ചി സംഭരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly